കേരളാ എക്സ്പ്രസ്
വാരാന്ത്യം



# കേരളാ ജലവിഭവ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ്: ജനഹൃദയങ്ങളിൽ വികസനത്തിന്റെ വിപ്ലവം തീർക്കുന്ന ജനനായകൻ

ലേഖനം



ജോസ് കണിയാലി

അധികാരത്തിന്റെ പടവുകളെയല്ല, മറിച്ച് മനുഷ്യപക്ഷത്തു നിന്നുകൊണ്ടുള്ള സുദീർഘമായ ജനസേവനത്തെയാണ് അഡ്വ. മോൻസ് ജോസഫ് എപ്പോഴും തന്റെ രാഷ്ട്രീയവഴിയായി കണ്ടിട്ടുള്ളത്. ആപ്പാഞ്ചിറയിലെ നരിമറ്റം കുടുംബത്തിൽ ഒ. ജോസഫിന്റെയും മറിയാമ്മയുടെയും മകനായി ജനിച്ച്, കലാലയ രാഷ്ട്രീയത്തിലൂടെ വളർന്ന്, ഇന്ന് കേരളത്തിന്റെ ജലവിഭവ വകുപ്പ് മന്ത്രിയായി തിളങ്ങി നിൽക്കുന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതം അടിയുറച്ച വിശ്വാസത്തിന്റെയും വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിന്റെയും കഥയാണ്.

കടുത്തുരുത്തിയിലെ ഗ്രാമവഴികളിലാണ് മോൻസ് ജോസഫ് എന്ന ജനനേതാവിന്റെ രാഷ്ട്രീയ വേരുകൾ ആഴ്ന്നുനിൽക്കുന്നത്. സ്കൂൾ - കോളേജ് കാലഘട്ടങ്ങളിൽ വോളിബോൾ കോർട്ടുകളിലായിരുന്നു അദ്ദേഹം തന്റെ പോരാട്ടവീര്യം ആദ്യമായി പ്രകടിപ്പിച്ചത്. കളിക്കളത്തിലെ ആ വീറും വാശിയും ടീംവർക്കും, തോൽക്കാൻ മനസ്സില്ലാത്ത മനക്കരുത്തുമെല്ലാം പിന്നീട് നിയമസഭയിലും ജനകീയ പ്രശ്നങ്ങളിലും അദ്ദേഹത്തിന് തുണയായി. കോട്ടയം ബസേലിയസ് കോളേജിലെ കലാലയ മുറ്റത്ത് കേരള സ്റ്റുഡന്റ്സ് കോൺഗ്രസിന്റെ (കെ.എസ്.സി) കരുത്തുറ്റ ശബ്ദമായി മാറിയ അദ്ദേഹം, നിയമപഠനത്തിന് ശേഷം അഭിഭാഷകനായപ്പോഴും സാധാരണക്കാരന് നീതി ഉറപ്പാക്കാനാണ് ശ്രമിച്ചത്.

പൊതുപ്രവർത്തനത്തിന്റെ തിരക്കുകളിലേക്ക് ചുവടുവെക്കുന്നതിന് മുൻപ് കടുത്തുരുത്തി സെന്റ് മേരീസ് ഫോറേൻ താഴത്തുപള്ളിയിലെ സൺഡേ സ്കൂൾ അധ്യാപകനായിരുന്നു അദ്ദേഹം. ആ വിശുദ്ധമായ അൾത്താരയുടെ ചാരത്തുനിന്നും കുരുന്നുകൾക്ക് വേദപാഠം പകർന്നുനൽകിയ ആ നാളുകളാണ് ഒരു ജനപ്രതിനിധിക്ക് വേണ്ട ക്ഷമയും വിനയവും സ്നേഹവും അദ്ദേഹത്തിൽ വേരുപിടിപ്പിച്ചത്.

1996-ൽ തന്റെ മുപ്പതുകളിൽ നിയമസഭയിലെത്തിയ മോൻസ് ജോസഫ്, മുൻപ് പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്നപ്പോൾ 'വിഷൻ 2010' പോലുള്ള വിപ്ലവകരമായ പദ്ധതികളിലൂടെ കേരളത്തിന്റെ റോഡ് ശൃംഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി മികച്ച ഭരണാധികാരിയെന്ന് തെളിയിച്ചിട്ടുള്ളതാണ്. നിലവിൽ കേരളത്തിന്റെ ജലവിഭവ വകുപ്പ് മന്ത്രിയെന്ന ഉത്തരവാദിത്തപ്പെട്ട പദവിയിലിരുന്ന് സംസ്ഥാനത്തിന്റെ കുടിവെള്ള - കാർഷിക മേഖലകളിൽ ദൂരക്കാഴ്ചയുള്ള വികസന പദ്ധതികളുമായി അദ്ദേഹം മുന്നേറുകയാണ്. കേരള കോൺഗ്രസ് രാഷ്ട്രീയത്തിലെ പ്രതിസന്ധികളിലും പിളർപ്പുകളിലും പി.ജെ. ജോസഫിനൊപ്പം പാറപോലെ ഉറച്ചുനിന്ന അദ്ദേഹം, കർഷകരുടെ കണ്ണീരൊപ്പുന്നതിനും കാർഷിക മേഖലയുടെ സംരക്ഷണത്തിനും എപ്പോഴും മുൻനിരയിലുണ്ട്.

തിരക്കേറിയ ഈ ഔദ്യോഗിക - പൊതുജീവിതത്തിനിടയിലും ഹൈസ്കൂൾ അധ്യാപികയായ ഭാര്യ സോണിയയും മകൾ മരിയയും നൽകുന്ന പിന്തുണയാണ് അദ്ദേഹത്തിന്റെ ഊർജ്ജം. വോളിബോൾ കോർട്ടിലെ ആ പഴയ പോരാളി ഇന്നും അതേ ആവേശത്തോടെ, ഒരു സാധാരണ കുടുംബനാഥന്റെ വിനയത്തോടെ ജനങ്ങൾക്കിടയിൽ ജീവിക്കുന്നു. കടുത്തുരുത്തിയിലെ ജനങ്ങളുമായി ദശകങ്ങളായി അദ്ദേഹം കാത്തുസൂക്ഷിക്കുന്ന ഹൃദയബന്ധത്തിന്റെ കരുത്തിൽ, വികസനത്തിന്റെയും ജനസുരക്ഷയുടെയും പുതിയ കാൽവെപ്പുകളുമായി അഡ്വ. മോൻസ് ജോസഫ് തന്റെ ജൈത്രയാത്ര തുടരുകയാണ്.



**2024 ആഗസ്റ്റ് മാസത്തിൽ ചിക്കാഗോ സീറോ മലബാർ ബിഷപ്പ് ഹൗസിലെത്തിയ മോൻസ് ജോസഫിനെ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് സ്വീകരിക്കുന്നു. വികാരി ജനറാൾ ഫാ. ജോൺ മേലേപ്പുറം, ജോസ് കണിയാലി, സണ്ണി വള്ളിക്കളം, ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി എന്നിവർ സമീപം.**